13034
14/6/17



**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോഴിക്കോട് ജില്ല – വടകര താലൂക്ക്, തിരുവള്ളൂർ വില്ലേജിൽ അമ്പലക്കടവിന് സമീപം 04.06.2017 ന് കനത്ത മഴയിൽ പുഴയിൽ വീണ് മരണപ്പെട്ട കുട്ടികളുടെ കുടുംബത്തിന് ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ. (എം.എസ്) നമ്പർ. 195/2017/റവ. തിരുവനന്തപുരം, തീയതി : 13.06.2017**

**ഉത്തരവ്**

കോഴിക്കോട് ജില്ല, വടകര താലൂക്ക്, തിരുവള്ളൂർ വില്ലേജിൽ അമ്പലക്കടവിന് സമീപം 04.06.2017 ന് കനത്ത മഴയിൽ പുഴയിൽ വീണ് മരണപ്പെട്ട ശശി-സുമ ദമ്പതികളുടെ ഇരട്ടക്കുട്ടികളായ വിസ്മയ (13), സൻമയ (13) എന്നിവരുടെ കുടുംബത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള അനുവദനീയമായ ധനസഹായത്തിന് പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും **2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം)** കൂടി ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ജില്ലാ കളക്ടർ, കോഴിക്കോട്
തഹസിൽദാർ, വടകര താലൂക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

*ഉത്തരവിൻപ്രകാരം,*

*സെക്ഷൻ ഓഫീസർ.*